REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-03-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി PM സ്വനിധി പദ്ധതിയിലെ ഗുണഭോക്താക്കളെ വൈകിട്ട് അഞ്ചിന് ഡൽഹിയിൽ അഭിസംബോധന ചെയ്യും. ഒരു ലക്ഷത്തോളം തെരുവു കച്ചവടക്കാർക്ക് വായ്പാതുക പ്രധാനമന്ത്രി ചടങ്ങിൽ വിതരണം ചെയ്യും.
- രാജ്യത്ത് വൈദ്യുതിവാഹന പ്രോത്സാഹന പദ്ധതി അടുത്ത മാസം ഒന്നിന് നിലവിൽ വരും.
- സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം കുതിച്ചുയർന്നതോടെ സാഹചര്യം വിലയിരുത്താൻ മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച ഉന്നതതല യോഗം ഉച്ച കഴിഞ്ഞ് തിരുവനന്തപുരത്ത്.
- 9 ജില്ലകളിൽ 4 ഡിഗ്രി സെന്റിഗ്രേഡ് വരെ ചൂട് ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.
- ഗ്രാമീണ മേഖലയിലെ വീടുകളിൽ കുടിവെള്ളം എത്തിക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതി കണ്ണൂർ ജില്ലയിൽ 23 ഗ്രാമ പഞ്ചായത്തുകളിൽ പൂർത്തിയായി.
- I ലീഗ് ഫുട്ബോളിൽ ഗോകുലം കേരള FC ഇന്ന് ഐസോൾ FC-യുമായി ഏറ്റുമുട്ടും.

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്രമോദി PM സ്വനിധി പദ്ധതിയിലെ ഗുണഭോക്താക്കളെ വൈകിട്ട് അഞ്ചിന് ഡൽഹി JLM**

സ്റ്റേഡിയത്തിൽ അഭിസംബോധന ചെയ്യും. ഒരു ലക്ഷത്തോളം തെരുവു കച്ചവടക്കാർക്ക് വായ്പാതുകയും അദ്ദേഹം ചടങ്ങിൽ വിതരണം ചെയ്യും. 2020 ൽ ആരംഭിച്ച പദ്ധതിയിൽ ഇതുവരെ 10,978 കോടി രൂപയുടെ 82 ലക്ഷം വായ്പകൾ സ്വനിധിയിൽ വിതരണം ചെയ്തിട്ടുണ്ട്.

ഡൽഹി മെട്രോ നാലാം ഘട്ടത്തിലെ രണ്ട് അധിക ഇടനാഴികൾക്കും അദ്ദേഹം തറക്കല്ലിടും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി NDA സ്ഥാനാർഥിയുടെ തെരഞ്ഞെടുപ്പ് പ്രചരണത്തിൽ പങ്കെടുക്കുന്നതിന് നാളെ പത്തനംതിട്ടയിൽ എത്തും. ജില്ലാ സ്റ്റേഡിയത്തിൽ നടക്കുന്ന പൊതുസമ്മേളനത്തിൽ പ്രധാനമന്ത്രി പങ്കെടുക്കും. സന്ദർശനത്തോടനുബന്ധിച്ച് വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

തെരഞ്ഞെടുപ്പ് കമ്മീഷനിലെ പുതിയ അംഗങ്ങളെ തീരുമാനിക്കുന്ന ഉന്നതാധികാര സമിതിയുടെ നിർണ്ണായക യോഗം പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ചേരും. ലോക്സഭയിലെ മുഖ്യ പ്രതിപക്ഷ കക്ഷി നേതാവ്, പ്രധാനമന്ത്രി നിർദ്ദേശിക്കുന്ന കേന്ദ്രമന്ത്രി എന്നിവരടങ്ങിയ സമിതിയാണ് അംഗത്തെ തെരഞ്ഞെടുത്ത് രാഷ്ട്രപതിക്ക് ശുപാർശ ചെയ്യുന്നത്. കമ്മീഷണർ അനൂപ് ചന്ദ്ര പാണ്ഡെ നേരത്തെ വിരമിച്ചതും കമ്മിഷൻ

അംഗമായിരുന്ന അരുൺ ഗോയൽ രാജിവെച്ചതുമാണ് പുതിയ നിയമന നടപടിക്കു വഴി വെച്ചത്.

✪✪✪

N.I.A യുടെ കൊച്ചിയിലെ പുതിയ ഓഫീസ് കെട്ടിടം വൈകിട്ട് കേന്ദ്രമന്ത്രി അമിത് ഷാ ഓൺലൈനിൽ ഉദ്ഘാടനം ചെയ്യും. കളമശ്ശേരി, HMT - മെഡിക്കൽ കോളേജ് റോഡിലാണ് ഓഫീസ് കെട്ടിടം.

✪✪✪

രാജ്യത്ത് വൈദ്യുതിവാഹന പ്രോത്സാഹന പദ്ധതി അടുത്ത മാസം ഒന്നിന് നിലവിൽ വരും. ജൂലൈ വരെ നാലു മാസമാണ് പദ്ധതിയുടെ സമയപരിധി. വൈദ്യുതി ഇരുചക്രവാഹനങ്ങൾ, മുച്ചക്ര വാഹനങ്ങൾ എന്നിവയ്ക്ക് പദ്ധതിയിൽ 500 കോടി രൂപ മാറ്റിവെച്ചിട്ടുണ്ട്. മൂന്ന് ലക്ഷത്തി 72,000 ത്തോളം വാഹനങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കും.

✪✪✪

പേടിഎം ഫാസ്ടാഗ് ഉപയോക്താക്കൾ നാളെയ്ക്കകം മറ്റൊരു ബാങ്ക് ഫാസ്ടാഗിലേക്ക് മാറണമെന്ന് ദേശീയ പാത അതോറിറ്റി ആവശ്യപ്പെട്ടു. ദേശീയപാതയിലൂടെ യാത്ര ചെയ്യുമ്പോൾ പിഴയോ ഇരട്ടി ഫീസോ ഒഴിവാക്കാൻ ഇത് സഹായിക്കുമെന്ന് റോഡ്, ഗതാഗത, ഹൈവേ മന്ത്രാലയം അറിയിച്ചു. Paytm പേയ്മെന്റ് ബാങ്കിന്റെ നിയന്ത്രണങ്ങൾ സംബന്ധിച്ച് റിസർവ് ബാങ്ക് പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശമനുസരിച്ച്, Paytm FASTags

ഉപയോക്താക്കൾക്ക് ഈ മാസം 15 ന് ശേഷം ബാലൻസ് റീചാർജ് ചെയ്യാനോ ടോപ്പ്-അപ്പ് ചെയ്യാനോ കഴിയില്ല. എന്നാൽ നിശ്ചിത തീയതിക്കപ്പുറം ടോൾ അടയ്ക്കാൻ അവർക്ക് നിലവിലെ ബാലൻസ് ഉപയോഗിക്കാനാകും.

✪✪✪

സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം കുതിച്ചുയർന്നതോടെ സാഹചര്യം വിലയിരുത്താൻ മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച ഉന്നതതല യോഗം ഉച്ച കഴിഞ്ഞ് തിരുവനന്തപുരത്ത് ചേരും. വൈദ്യുതി ഉപയോഗം തുടർച്ചയായ ദിവസങ്ങളിൽ 100 ദശലക്ഷം യൂണിറ്റ് കടന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സ്ഥിതി ഗുരുതരമാകുമെന്ന മുന്നറിയിപ്പുകൾക്കിടയിലാണ് മുഖ്യമന്ത്രി യോഗം വിളിച്ചത്. സംസ്ഥാനത്തെ വൈദ്യുതി സാഹചര്യം രൂക്ഷമാകുന്നുവെന്ന് കാട്ടി മന്ത്രി കെ കൃഷ്ണൻ കുട്ടി മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരുന്നു.

✪✪✪

കൊച്ചി വാട്ടർ മെട്രോയുടെ മുളവുകാട് നോർത്ത്, സൗത്ത് ചിറ്റൂർ, ഏലൂർ, ചേരാനല്ലൂർ ടെർമിനലുകൾ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. ഏലൂർ വാട്ടർ മെട്രോ ടെർമിനലിൽ ഓൺലൈനായാണ് ഉദ്ഘാടന ചടങ്ങ്. ഇതോടെ രണ്ട് പുതിയ റൂട്ടുകളിൽ കൂടി കൊച്ചി വാട്ടർ മെട്രോ സർവീസ് ആരംഭിക്കും.

9 ടെർമിനലുകളിൽ നിന്ന് അഞ്ചു റൂട്ടുകളിലേക്ക് വാട്ടർ മെട്രോ വ്യാപിക്കും. പരമാവധി 40 രൂപയാണ് ടിക്കറ്റ് നിരക്ക്.

നാല് ടെർമിനലുകളുടെ നിർമ്മാണം പുരോഗമിച്ചു വരികയാണ്. കൊച്ചി മെട്രോ പദ്ധതി പൂർത്തിയാകുമ്പോൾ 10 ദ്വീപുകളിലെ 38 ടെർമിനലുകളെ ബന്ധിപ്പിച്ച് 78 വാട്ടർ മെട്രോ ബോട്ടുകൾ സർവീസ് നടത്തും.

✪✪✪

സംസ്ഥാനത്ത് 9 ജില്ലകളിൽ 4 ഡിഗ്രി സെന്റിഗ്രേഡ് വരെ ചൂട് ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഈ സാഹചര്യത്തിൽ 9 ജില്ലകളിൽ കനത്ത ചൂട് മാത്രമല്ല, ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം അസ്വസ്ഥതയോടു കൂടിയ കാലാവസ്ഥയ്ക്ക് സാധ്യതയുണ്ടെന്നും മുന്നറിയിപ്പിൽ പറയുന്നു. പാലക്കാട്, കൊല്ലം, പത്തനംതിട്ട, കോട്ടയം, തൃശൂർ, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

ഗ്രാമീണ മേഖലയിലെ മുഴുവൻ വീടുകളിലും കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതി കണ്ണൂർ ജില്ലയിലെ 23 ഗ്രാമ പഞ്ചായത്തുകളിൽ പൂർത്തിയായി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O.ശശിധരൻ.

..........വോയ്സ്...........

✪✪✪

I ലീഗ് ഫുട്ബോളിൽ ഗോകുലം കേരള FC ഇന്ന് ഐസോൾ FC-യുമായി ഏറ്റുമുട്ടും. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിനാണ് മത്സരം. 19 മത്സരങ്ങളിൽ നിന്ന് 33 പോയിന്റുമായി പട്ടികയിൽ നാലാം സ്ഥാനത്താണ് ഗോകുലം.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഗോവ, ബംഗളൂരുവിനെ നേരിടും. ഗോവ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി ഏഴരക്കാണ് മത്സരം.

ഇന്നലെ കൊച്ചിയിൽ കേരള ബ്ലാസ്റ്റേഴ്സിനെ മോഹൻ ബഗാൻ മൂന്നിനെതിരെ നാലു ഗോളിന് തോൽപ്പിച്ചു.

✪✪✪

അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ ബൗളിംഗ് ടെസ്റ്റ് റാങ്കിങ്ങിൽ ഇന്ത്യയുടെ R. അശ്വിൻ ഒന്നാമതെത്തി. ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് പരമ്പരയിൽ അശ്വിൻ 26 വിക്കറ്റ് നേടിയിരുന്നു.

✪✪✪

ഇന്ത്യയിലെ ഏറ്റവും വലിയ എയ്റോ സ്പോർട്സ് അഡ്വഞ്ചർ ഫെസ്റ്റിവലായ അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവലിന് ഇന്ന് വാഗമണ്ണിലെ അഡ്വഞ്ചർ പാർക്കിൽ തുടക്കമാകും. ഞായറാഴ്ച്ച വരെയാണ് ഫെസ്റ്റിവൽ.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണൻ........

...........വോയ്സ്............

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സ്ഥാനാർത്ഥികളുടെ ചെലവ് നിരീക്ഷണത്തിന് രൂപീകരിച്ച നിരീക്ഷണ സെല്ലിലെ ഫ്ളയിങ് സ്ക്വാഡുകൾ തെരഞ്ഞെടുപ്പ് പ്രഖ്യാപനം മുതൽ കണ്ണൂരിൽ പ്രവർത്തിയ്ക്കും. ഇതിനുമുന്നോടിയായി വിവിധ വകുപ്പുകളിലെ ടീമുകൾക്ക് പരിശീലനം നൽകി.

✪✪✪

മനുഷ്യ-മൃഗ സംഘർഷം രൂക്ഷമായ സാഹചര്യം വിലയിരുത്താൻ വിദഗ്ധ സംഘം വയനാട്ടിൽ എത്തി. വയനാട്, ഗൂഡല്ലൂർ പ്രദേശങ്ങളിലെ മനുഷ്യ-മൃഗ സംഘർഷം സംഘം വിലയിരുത്തും.

✪✪✪

കേരള സർവകലാശാല കലോൽസവത്തിലെ മാർഗംകളി വിധികർത്താവായിരുന്ന അധ്യാപകന്റെ മരണത്തിന് ഉത്തരവാദി SFI ആണെന്ന് കെ. സുധാകരൻ MP കുറ്റപ്പെടുത്തി. യൂണിവേഴ്സിറ്റി കലോൽസവത്തിൽ മാർഗംകളിയിൽ അവർ പറഞ്ഞ ആളുകൾക്ക് സമ്മാനം കൊടുക്കാൻ പറഞ്ഞപ്പോൾ ഷാജി വിസമ്മതിച്ചുവെന്ന് ഒപ്പമുണ്ടായിരുന്നവർ തന്നോട് പറഞ്ഞുവെന്നും ഷാജിയെ കോഴയിൽ കുടുക്കുകയായിരുന്നുവെന്നും സുധാകരൻ

ആരോപിച്ചു. ഷാജിയുടെ വീട് സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

ആകാശവാണി കോഴിക്കോട് പ്രാദേശിക വാർത്താ വിഭാഗത്തിൽ എഡിറ്റോറിയൽ എക്സിക്യൂട്ടീവ് / ന്യൂസ് റീഡർ-കം- ട്രാൻസ്ലേറ്റർ തസ്തികയിലേക്ക് രണ്ടു വർഷ കരാർ അടിസ്ഥാനത്തിൽ പ്രസാർ ഭാരതി അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ newsonair.gov.in/vacancies എന്ന വെബ്സൈറ്റിലുണ്ട്. ഓൺലൈൻ അപേക്ഷകൾ applications.prasarbharati.org എന്ന വെബ് ലിങ്കിൽ ഈ മാസം 19 നകം ലഭിക്കേണ്ടതാണ്.

✪✪✪